


# ജനഹിതം

വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

2025 മാർച്ച്  ലക്കം 3


# തദ്ദേശ ഉപതിരഞ്ഞെടുപ്പ് ഫലം:

## എൽ.ഡി.എഫ്–15, യു.ഡി.എഫ്–12, എസ്ഡിപിഐ–1, സ്വതന്ത്രർ–2

**തദ്ദേശസ്ഥാപന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-15, യു.ഡി.എഫ്–12, എസ്. ഡി.പി.ഐ.–1, സ്വതന്ത്രർ–2 സീറ്റുകളിൽ വിജയിച്ചു.**

വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ 30 വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്.

കാസർഗോട് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോളിക്കുന്ന്, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പള്ളിപ്പാറ വാർഡുകളിൽ സി.പി.ഐ (എം) സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഫെബ്രുവരി 24 ന് 28 വാർഡുകളിലാണ് വോട്ടെടുപ്പ് നടന്നത്.

പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് അതാത് തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷൻ മുൻപാകെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനമേൽക്കാം.

ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് 30 ദിവസത്തിനകം നൽകണം.



### കക്ഷിനില

**ഉപതിരഞ്ഞെടുപ്പിന് ശേഷം**

- എൽ.ഡി.എഫ്–15 (സിപിഐ(എം)–12, സിപിഐ–2 കേരളകോൺഗ്രസ് (എം)–1)
- യു.ഡി.എഫ്–12 (ഐഎൻസി–10, ഐയുഎംഎൽ–1, കേരളകോൺഗ്രസ്–1)
- മറ്റുള്ളവർ–3 (എസ്ഡിപിഐ–1, സ്വതന്ത്രർ–2)

**ഉപതിരഞ്ഞെടുപ്പിന് മുമ്പ്**

- എൽ.ഡി.എഫ്–17 (സിപിഐ(എം)–14, സിപിഐ–3)
- യു.ഡി.എഫ്–9 (ഐഎൻസി–6, ഐയുഎംഎൽ–1, കേരളകോൺഗ്രസ് (എം) ജോസഫ് വിഭാഗം –2)
- സ്വതന്ത്രർ–4

## 28 തദ്ദേശവാർഡുകളിലെ വോട്ടെടുപ്പ്: 65.83% പേർ വോട്ട് രേഖപ്പെടുത്തി

സംസ്ഥാനത്ത് ഫെബ്രുവരി 24 ന് നടന്ന 28 തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടെടുപ്പിൽ 65.83 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. 17982 പുരുഷന്മാരും 20937 സ്ത്രീകളും ഉൾപ്പെടെ ആകെ 38919 പേരാണ് വോട്ട് ചെയ്തത്.

തിരഞ്ഞെടുപ്പ് ഫലം കമ്മീഷന്റെ വെബ്സൈറ്റിലെ https://www.sec.kerala.gov.in/public/te/ ലിങ്കിൽ



ലഭ്യമാണ്.

ആകെ 87 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. വോട്ടെടുപ്പ് സമാധാനപരമായിരുന്നു.

വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ 30 വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. കാസർകോട് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോളിക്കുന്ന്, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പള്ളിപ്പാറ വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

(പോളിംഗ് ശതമാനത്തിന്റെ വിശദവിവരം പേജ് 10 ൽ)


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, റ്റി.സി–27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം–695033,
ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website :www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

# ഉപതിരഞ്ഞെടുപ്പിന് മുമ്പും ശേഷവുമുള്ള കക്ഷിബന്ധം, വിജയി, ഭൂരിപക്ഷം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – 24.02.2025-ലെ ഉപതിരഞ്ഞെടുപ്പ് ഫലം

| ക്രമ നം. | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സിറ്റിംഗ് സീറ്റ് | ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർത്ഥി | പാർട്ടി / മുന്നണി | ഭൂരിപക്ഷം |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 79 ശ്രീവരാഹം | CPI | വി ഹരികുമാർ | CPI | 12 |
| 2 | തിരുവനന്തപുരം | ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുപള്ളി | CPI(M) | സേവ്യർ ജറോൺ | INC | 169 |
| 3 | തിരുവനന്തപുരം | ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 05 പുളിങ്കോട് | INC | സെയ്ദ് സബർമതി | CPI(M) | 57 |
| 4 | തിരുവനന്തപുരം | ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് | 01 പുലിപ്പാറ | INC | മുജീബ് പുലിപ്പാറ | SDPI | 226 |
| 5 | കൊല്ലം | എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി | 20 കല്ലുവാതുക്കൽ | CPI | മഞ്ജു സാം | CPI | 193 |
| 6 | കൊല്ലം | ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് | 07 അഞ്ചൽ | INC | മുഹമ്മദ് ഷെറിൻ ജെ.എസ് (ഷെറിൻ അഞ്ചൽ) | INC | 877 |
| 7 | കൊല്ലം | ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത് | 08 കൊട്ടറ | CPI(M) | വൽസമ്മ എ (വൽസമ്മ തോമസ്) | CPI(M) | 900 |
| 8 | കൊല്ലം | ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുമാംമൂട് | CPI(M) | പി സുരജാ ശിശുപാലൻ | CPI(M) | 595 |
| 9 | കൊല്ലം | ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 02 പ്രയാർ തെക്ക് ബി | CPI(M) | ജയാദേവി | CPI(M) | 277 |
| 10 | കൊല്ലം | ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത് | 08 പടിഞ്ഞാറ്റിൻകര | INC | ഷീജ ദിലീപ് | INC | 24 |
| 11 | പത്തനംതിട്ട | എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി | 15 കുമ്പഴ നോർത്ത് | Independent | ബിജിമോൾ മാത്യു | Independent | 3 |
| 12 | പത്തനംതിട്ട | ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത് | 16 തടിയൂർ | CPI(M) | പ്രീതാ ബി.നായർ (പ്രീത ടീച്ചർ) | INC | 106 |
| 13 | പത്തനംതിട്ട | ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് | 01 ഗ്യാലക്സി നഗർ | Independent | ശോഭിക ഗോപി | CPI(M) | 152 |
| 14 | ആലപ്പുഴ | ജി 33 കാവാലം ഗ്രാമപഞ്ചായത്ത് | 03 പാലോടം | CPI(M) | മംഗളാനന്ദൻ | CPI(M) | 171 |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | ആലപ്പുഴ | ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് | 03 മിത്രക്കരി ഈസ്റ്റ് | KC(M) PJ | ബിൻസി (ബിൻസി ഷാബു) | KC | 15 |
| 16 | കോട്ടയം | ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് | 07 ജി വി സ്കൂൾ വാർഡ് | INC | രജിത റ്റി. ആർ. (രജിത ഷിനു, കല്ലുപുരയിടത്തിൽ) | INC | 235 |
| 17 | ഇടുക്കി | ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 07 ദൈവംമേട് | KC(M) PJ | ബിനു (ബീന) | KC (M) | 7 |
| 18 | എറണാകുളം | എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് | INC | മേരിക്കുട്ടി ചാക്കോ കെ | INC | 65 |
| 19 | എറണാകുളം | ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് | 10 മേതല തെക്ക് | CPI(M) | എൻ.എം.നൗഷാദ് | INC | 40 |
| 20 | എറണാകുളം | ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 10 പനങ്കര | Independent | അമൽ രാജ് | Independent | 166 |
| 21 | എറണാകുളം | ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് | 10 നിരപ്പ് | CPI | സുജാത ജോൺ | INC | 162 |
| 22 | തൃശ്ശൂർ | ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 11 മാന്തോപ്പ് | CPI(M) | ഷഹർബാൻ | CPI (M) | 48 |
| 23 | പാലക്കാട് | ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 12 കീഴ്പാടം | CPI(M) | പ്രശോഭ് കെ ബി | CPI (M) | 346 |
| 24 | മലപ്പുറം | ജി 27 കരുളായി ഗ്രാമപഞ്ചായത്ത് | 12 ചക്കിട്ടാമല | IUML | വിപിൻ കെ (വിപിൻ കരുവാടൻ) | IUML | 397 |
| 25 | മലപ്പുറം | ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് | 08.എടക്കുളം ഈസ്റ്റ് | Independent | അബ്ദുൽ ജബ്ബാർ ഉണ്ണിയാലുക്കൽ | INC | 260 |
| 26 | കോഴിക്കോട് | ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് | 14 കുഞ്ഞല്ലൂർ | CPI(M) | അജയൻ | INC | 20 |
| 27 | കണ്ണൂർ | ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് | 03 താഴെ ചമ്പാട് | CPI(M) | ശരണ്യ സുരേന്ദ്രൻ | CPI (M) | 499 |
| 28 | കാസർഗോഡ് | ജി 25 മടിക്കൈ ഗ്രാമപഞ്ചായത്ത് | 08 കോളിക്കുന്ന് | CPI(M) | ഒ.നിഷ | CPI(M) | 0 |
| 29 | കാസർഗോഡ് | ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | 05 അയറോട്ട് | CPI(M) | സൂര്യ ഗോപാലൻ | CPI (M) | 100 |
| 30 | കാസർഗോഡ് | ജി 33 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് | 07 പള്ളിപ്പാറ | CPI(M) | കെ.സുകുമാരൻ | CPI (M) | 0 |

# ഒൻപത് തദ്ദേശസ്ഥാപനങ്ങളിലെ പരാതിക്കാരെ ഡീലിമിറ്റേഷൻ കമ്മീഷൻ മാർച്ച് 17ന് നേരിൽ കേൾക്കും

**ഹൈ**ക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിനെ തുടർന്ന് പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോഴിക്കോട് ജില്ലയിലെ മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക്, കണ്ണൂർ ജില്ലയിലെ പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികളിലെയും കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിലെയും വാർഡുവിഭജനം സംബന്ധിച്ച പരാതിക്കാരെ നേരിൽ കേൾക്കാൻ ഡീലിമിറ്റേഷൻ കമ്മീഷൻ തീരുമാനിച്ചുവെന്ന് കമ്മീഷൻ ചെയർമാൻ എ. ഷാജഹാൻ അറിയിച്ചു.

ഈ തദ്ദേശസ്ഥാപനങ്ങളിലെ കരട് വാർഡുവിഭജന നിർദ്ദേശങ്ങളെ സംബന്ധിച്ച് പരാതികൾ നൽകിയവരെ മാർച്ച് 17 ന് രാവിലെ രാവിലെ ഒൻപതു മണി മുതൽ കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കമ്മീഷൻ നേരിൽ കേൾക്കും.

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റി രാവിലെ ഒൻപത് മണിക്കും, മുക്കം, പയ്യോളി, ഫറോക്ക് മുനിസിപ്പാലിറ്റികൾ 10 മണിക്കും, കണ്ണൂർ ജില്ലയിലെ പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികൾ 11 മണിക്കും, പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റി, കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്ത് എന്നിവ ഉച്ചയ്ക്ക് 12 മണിക്കുമാണ് ഹീയറിംഗ്.

വാർഡ് വിഭജനം സംബന്ധിച്ച് ഡിസംബർ നാല് വരെ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ പരാതി നൽകിയിട്ടുള്ളവരെയാണ് ഡീലിമിറ്റേഷൻ കമ്മീഷൻ നേരിൽ കേൾക്കുന്നത്. മാർച്ച് ഏഴിന് തിരുവനന്തപുരത്ത് നടത്താനിരുന്ന ഹീയറിംഗാണ് മാർച്ച് 17ന് കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലേക്ക് മാറ്റിയത്.

സംസ്ഥാനത്തെ മറ്റ് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വാർഡു വിഭജന പരാതികൾ സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ ജില്ലകളിൽ നടത്തിയ പബ്ലിക് ഹീയറിംഗ് ഫെബ്രുവരി 22-ന് പൂർത്തിയായിരുന്നു.

ജനുവരി 16-ന് പത്തനംതിട്ടയിൽ ആരംഭിച്ച ഹീയറിംഗ് പതിനാല് ജില്ലകളിലായി പതിനേഴ് ദിവസം നീണ്ടു. കൂടുതൽ പരാതിക്കാരുണ്ടായിരുന്ന മലപ്പുറം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ രണ്ട് ദിവസവും മറ്റ് ജില്ലകളിൽ ഓരോ ദിവസവുമായിരുന്നു ഹീയറിംഗ്. ഹീയറിംഗിന് ഹാജരായ മുഴുവൻ പരാതിക്കാരെയും നേരിൽ കേട്ടു. പരാതികൾ പരിശോധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും.

തുടർന്ന് രണ്ടാം ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെയും മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളുടെയും വാർഡു വിഭജനം നടത്തും.

# പച്ചക്കറി കൃഷി : ശില്പശാല

**സ്റ്റേറ്റ്** ഇലക്ഷൻ കമ്മീഷൻ എംപ്ലോയീസ് വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ "വേനൽക്കാല പച്ചക്കറി കൃഷി" എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നടന്ന ചടങ്ങിൽ കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ റ്റി എം ജോസഫ് ക്ളാസ്സെടുത്തു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ശില്പശാല നടത്തിയത്. കൃഷിപാഠങ്ങൾക്കൊപ്പം പച്ചക്കറി കൃഷിയിൽ പ്രായോഗികമായുണ്ടാകുന്ന വിഷമതകൾക്കുള്ള പരിഹാരനിർദ്ദേശങ്ങൾക്കും ശിൽപശാല വേദിയായി.






കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, ജോയിന്റ് സെക്രട്ടറി അനിൽ ജോണി തുടങ്ങിയവർ സംസാരിച്ചു. കമ്മീഷനിലെ ഉദ്യോഗസ്ഥരും, ജീവനക്കാരും പങ്കെടുത്തു.

# യാത്രയയപ്പ്



**സംസ്ഥാന** തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിലേക്ക് സ്ഥലംമാറിപോകുന്ന സെക്ഷൻ ഓഫീസർ കെ.എസ്. ശ്രീകാന്തിന് എംപ്ളോയീസ് വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ഉപഹാരം സമ്മാനിച്ചു. കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, അഡീഷണൽ സെക്രട്ടറിമാരായ ഗീത ജെ.ആർ., ശ്രീകല സി.എസ്., റീന എൻ ജോയിന്റ് സെക്രട്ടറിമാരായ സുരേഷ്കുമാർ എ., അനിൽ ജോണി, ജെയിംസ് പി.ജെ., ലോ ഓഫീസർ പ്രീതി ആർ. നായർ, മറ്റുദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**EDITORIAL TEAM**
*James P J, Shani M S*
**PHOTOGRAPHY**
*I&PRD, Aravind M.A.*
**DESIGN & LAYOUT**
*Nimisha N K*

# പത്രവാർത്തകളിലൂടെ

## ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് പിഎയെ നിയമിക്കാം

ജില്ലാപഞ്ചായത്ത് പ്രസിഡന്റ്മാർക്ക് പേഴ്സണൽ അസിസ്റ്റന്റിനെ നിയമിക്കാൻ അനുമതി. ദിവസവേതനത്തിനോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കുന്ന ഇവർക്ക് വേതനം നൽകാൻ സർക്കാർ ഗ്രാന്റോ, ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടോ ഉപയോഗിക്കാം. പ്രസിഡന്റുമാരുടെ കാലാവധി കഴിയുന്ന മുറയ്ക്ക് ഇവരുടെ സേവനം അവസാനിക്കും വിധം 'കോ-ടെർമിനസ്' വ്യവസ്ഥയിലായിരിക്കും നിയമനം.

നഗരസഭാ ചെയർമാൻമാർക്കും മേയർമാർക്കും പിഎമാരെ നിയമിക്കാൻ 2022 ൽ സർക്കാർ അനുമതി നൽകിയിരുന്നു. എൽ.ഡി ക്ളാർക്ക് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നഗരസഭാ, കോർപ്പറേഷൻ അദ്ധ്യക്ഷരുടെ പിഎ ആക്കാൻ 2019 ൽ തന്നെ തീരുമാനിച്ചിരുന്നു. ഈ ഉത്തരവ് റദ്ദാക്കിയാണ് പുറത്ത് നിന്നുള്ളവരെ നിയമിക്കാൻ അനുമതി നൽകുന്ന പുതിയ ഉത്തരവ് 2022ൽ വന്നത്.

*(മാതൃഭൂമി, ഫെബ്രുവരി 7)*

## രാഷ്ട്രീയപാർട്ടികളുടെ എണ്ണം

രാജ്യത്ത് രാഷ്ട്രീയപാർട്ടികളുടെ എണ്ണത്തിൽ 15 മടങ്ങ് വർദ്ധനയുണ്ടായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.1951–52ൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ 54 രാഷ്ട്രീയപാർട്ടികൾ ഉണ്ടായിരുന്നത് 2024ൽ 743 ആയി വർദ്ധിച്ചു. 1874 സ്ഥാനാർത്ഥികൾ ഉണ്ടായിരുന്നത് 8360 ആയി വർദ്ധിച്ചു. ആദ്യ പൊതുതിരഞ്ഞെടുപ്പിൽ 1.96 ലക്ഷം പോളിംഗ് സ്റ്റേഷനുകളും 17.32 കോടി വോട്ടർമാരുമുണ്ടായിരുന്നു. 2024ൽ ആകട്ടെ 10.53 ലക്ഷം പോളിംഗ് സ്റ്റേഷനുകളും 97 കോടി വോട്ടർമാരും. ആദ്യ തിരഞ്ഞെടുപ്പിൽ 45.77 ശതമാനം പോളിംഗ് ഉണ്ടായപ്പോൾ 2024ൽ 66 ശതമാനം പോളിംഗ് നടന്നു.

*(ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ഫെബ്രുവരി 13)*

## ഇവിഎമ്മിലെ വിവരങ്ങൾ നീക്കരുത്: സുപ്രീംകോടതി

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുമായി ബന്ധപ്പെട്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീഡ്യൂയർ എന്തെല്ലാമെന്ന് വിശദീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീംകോടതി നിർദ്ദേശം നൽകി.

വോട്ടെണ്ണൽ പൂർത്തിയായി ഫലം പ്രഖ്യാപിച്ചു കഴിഞ്ഞാലും ഇവിഎമ്മിലെ വിവരങ്ങൾ ഡിലീറ്റ് ചെയ്യരുതെന്ന് കോടതി നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പിൽ തോൽക്കുന്ന ആൾ തർക്കം ഉന്നയിച്ചാൽ എഞ്ചിനീയറുടെ സഹായത്തോടെ ഇവ വീണ്ടും പരിശോധിക്കാൻ കഴിയണമെന്നും സുപ്രീംകോടതി ഇടക്കാല ഉത്തരവിൽ വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അദ്ധ്യക്ഷനായ ബെഞ്ചിന്റേതാണ് ഉത്തരവ്.

അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസ് (എഡിആർ) ഹരിയാനയും ഒരു സംഘം കോൺഗ്രസ് നേതാക്കളും സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതി ഇടപെടൽ. ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ മെമ്മറി, മൈക്രോ കൺട്രോളർ എന്നിവയിൽ ശേഖരിക്കപ്പെട്ടിട്ടുള്ള ഡാറ്റകൾ ബേൺ ചെയ്ത് കളയുന്നതിനായി ( തിരിച്ചെടുക്കാൻ കഴിയാത്തവിധം മറ്റൊരു പ്രോഗ്രാം ഡിസ്ക്കിലേക്ക് മാറ്റുന്നത്) സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാനും തിരഞ്ഞെടുപ്പ് കമ്മീഷനോട് കോടതി ആവശ്യപ്പെട്ടു.

*(ചന്ദ്രിക,ഫെബ്രുവരി 12)*

## പൊതുസ്ഥലങ്ങളിൽ പുതുതായി കൊടിമരങ്ങൾ പാടില്ല: ഹൈക്കോടതി

ഒരു വ്യക്തിയോ സ്ഥാപനമോ സംഘടനയോ പൊതുസ്ഥലങ്ങളിലോ പുറമ്പോക്കിലോ റോഡരികിലോ ബന്ധപ്പെട്ട അധികാരികളുടെ അനുമതിയില്ലാതെ പുതുതായി കൊടിമരങ്ങൾ സ്ഥാപിക്കാൻ പാടില്ലെന്ന് ഹൈക്കോടതി ഉത്തരവ്.

ചില രാഷ്ട്രീയപാർട്ടികൾ സ്ഥാപിച്ച കൊടിമരങ്ങൾ നീക്കം ചെയ്യാൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് മന്നം ഷുഗർ മിൽസ് നൽകിയ ഹർജി തീർപ്പാക്കിയാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവ്. മില്ലിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലേക്കുള്ള പൊതുവഴിയിൽ ഉണ്ടായിരുന്ന കൊടിമരങ്ങൾ നീക്കം ചെയ്യാനാണ് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടത്.

ഉത്തരവ് നടപ്പാക്കാൻ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും സർക്കുലർ അയയ്ക്കാനും സർക്കാരിന് ഹൈക്കോടതി നിർദ്ദേശം നൽകി.

*(ടൈംസ് ഓഫ് ഇന്ത്യ, ഫെബ്രുവരി 27)*

## നിയമനിർമ്മാണസഭയുടെ നടപടികൾക്കേ പരിരക്ഷയുള്ളൂ,തീരുമാനങ്ങൾക്കില്ല: സുപ്രീംകോടതി

നിയമനിർമ്മാണസഭകളിലെ നടപടികൾക്ക് മാത്രമാണ് കോടതിയുടെ ഇടപെടലിൽ നിന്നും സംരക്ഷണമെന്ന് സുപ്രീംകോടതി. അവിടത്തെ തീരുമാനങ്ങൾക്ക് സംരക്ഷണമില്ലെന്ന കോടതി വ്യക്തമാക്കി.

സഭാനടപടികളും, സഭാതീരുമാനങ്ങളും വ്യാഖ്യാനിച്ചുകൊണ്ടാണ് സുപ്രീംകോടതി ഇക്കാര്യം വ്യക്തമാക്കിയത്.

ആർജെഡിയുടെ എംഎൽസി സുനിൽകുമാർ സിംഗിനെ ബീഹാർ നിയമസഭയിൽ നിന്ന് പുറത്താക്കിയ നടപടി റദ്ദാക്കികൊണ്ടുള്ള വിധിയിലാണ് സുപ്രീംകോടതി ഇങ്ങനെ നിരീക്ഷിച്ചത്.

സഭയുടെ എത്തിക്സ് കമ്മിറ്റി തീരുമാനങ്ങൾക്ക് ഭരണഘടനയുടെ സംരക്ഷണമുണ്ടെന്ന് വാദമുയർന്നെങ്കിലും കോടതി അംഗീകരിച്ചില്ല. എത്തിക്സ് കമ്മിറ്റിയുടെ നടപടി സഭാനടപടികളുടെ ഭാഗമല്ല. സഭാനടപടിക്രമങ്ങളും തീരുമാനങ്ങളും നിയമനിർമ്മാണപ്രക്രിയയിലെ രണ്ട് വ്യത്യസ്ത കർത്തവ്യങ്ങളാണ് നിർവ്വഹിക്കുന്നത്. അംഗങ്ങൾ അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ട ചട്ടക്കൂടാണ് സഭാനടപടികൾ നൽകുന്നത്. എന്നാൽ, സഭയുടെ തീരുമാനങ്ങളിൽ ഭരണഘടനാ കോടതികൾക്ക് ഇടപെടാം.

*(മാതൃഭൂമി, ഫെബ്രുവരി 27)*

## മണ്ഡലങ്ങളുടെ എണ്ണം അവസാനം നിജപ്പെടുത്തിയത് 1971ൽ

രാജ്യത്ത് 1976 ന് ശേഷം ലോക്സഭാ, നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ജനസംഖ്യാടിസ്ഥാനത്തിൽ മണ്ഡലങ്ങളുടെ അതിർത്തികൾ പുനഃക്രമീകരിക്കുകയും ഘടന മാറ്റുകയും ചെയ്തു. 76 ലെ തീരുമാനത്തിന് ശേഷം നടന്ന ആദ്യ ലോക്സഭാ തിരഞ്ഞെടുപ്പിൽ ശരാശരി 10.11 ലക്ഷം ആളുകൾക്ക് ഒരു എംപി എന്ന് നിജപ്പെടുത്തി.

പിന്നീടങ്ങോട്ട് ജനസംഖ്യ ഉയർന്നിട്ടും സീറ്റെണ്ണം മാറാതിരിക്കാൻ അതിനനുസരിച്ചുള്ള ക്രമീകരണം ഏർപ്പെടുത്തി. ഇത് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പുവേളയിൽ 17.81 ലക്ഷം വോട്ടർമാർക്ക് ഒരു എംപി എന്ന നിലയിലായിരുന്നു.

*(മാതൃഭൂമി, ഫെബ്രുവരി 28)*

# പത്രവാർത്തകളിലൂടെ

## ഡീലിമിറ്റേഷൻ

മണ്ഡലപുനർനിർണയം അഥാവാ ഡീലിമിറ്റേഷൻ എന്നത് സർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ഓരോ സെൻസസിന് ശേഷവും ജനസംഖ്യാനുപാതികമായി വേണം മണ്ഡലങ്ങളുടെ എണ്ണം കണക്കാക്കാൻ. 1951,61,71 സെൻസസുകൾക്ക് ശേഷം കൃത്യമായി ഇത് നടക്കുകയും ചെയ്തു. അടിയന്തരാവസ്ഥക്കാലത്ത്, ഭരണഘടനഭേദഗതിയിലൂടെ 2001 വരെ പുനർനിർണയം വേണ്ടെന്നും തീരുമാനിച്ചു. 2001ൽ മണ്ഡലങ്ങളുടെ അതിർത്തി മാറിയെങ്കിലും എണ്ണത്തിൽ മാറ്റം വരുത്തിയില്ല. ഇപ്പോൾ, ഒരിക്കൽകൂടി പുനർനിർണയത്തിനുള്ള സമയമായിരിക്കുന്നു. 2021ലെ സെൻസസ് നടപടികൾ തുടങ്ങിയിട്ടില്ലെങ്കിലും അടുത്തുതന്നെ ഡീലിമിറ്റേഷൻ പ്രക്രിയ ആരംഭിക്കുമെന്ന് ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി.

20 ലക്ഷം പേർക്കായി ഒരു ലോക്സഭാ മണ്ഡലം എന്നാണ് പുതിയ പുനർനിർണയത്തിന് മാനദണ്ഡമായി പറയുന്നത്. അങ്ങിനെയെങ്കിൽ ലോക്സഭാ മണ്ഡലങ്ങളുടെ എണ്ണം 700 കടക്കും. വർദ്ധിച്ച സീറ്റുകളിൽ 85 ശതമാനവും ഉത്തരേന്ത്യയിലായിരിക്കും. കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സീറ്റ് കുറയുകയും ചെയ്യും.

രാജ്യത്ത് ജനസംഖ്യ നിയന്ത്രണ പരിപാടികൾ കൃത്യമായി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ലോക്സഭാ മണ്ഡലങ്ങളുടെ എണ്ണം ഗണ്യമായി കുറയും. 143കോടി ജനങ്ങൾ രാജ്യത്തുണ്ട്. ജനസംഖ്യാനുപാതികമായി മണ്ഡലങ്ങളെ തരംതിരിച്ചാൽ 543 ലോക്സഭാ മണ്ഡലങ്ങൾ എന്നത് 753 ആകും.നിലവിൽ ദക്ഷിണേന്ത്യയിൽ ഉള്ളത് 129 സീറ്റാണ്. അത് 753 ലേക്ക് ഉയരുമ്പോൾ ദക്ഷിണേന്ത്യയിൽ ആകെ വർദ്ധിക്കുക 15 സീറ്റ് മാത്രം.കേരളത്തിൽ ഒരു സീറ്റ് കുറയുകയും ചെയ്യും.

*(മാധ്യമം, ഫെബ്രുവരി 28)*

## ഒറ്റത്തിരഞ്ഞെടുപ്പ് ചെലവ് കുറയ്ക്കില്ല: ജസ്റ്റിസ് ചെലമേശ്വർ

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന ആശയം നടപ്പാക്കി തിരഞ്ഞെടുപ്പുകൾ ഒന്നിച്ച് നടത്തിയാൽ ചെലവും മനുഷ്യാധ്വാനവും കുറയുമെന്നത് മിഥ്യാധാരണയാണെന്ന് സുപ്രീംകോടതി മുൻജഡ്ജി ജസ്റ്റിസ് ചെലമേശ്വർ.

അഞ്ചു വർഷത്തേക്ക് തിരഞ്ഞെടുത്ത ഒരു സർക്കാരിനെ മതിയായ കാരണങ്ങളില്ലാതെ പിരിച്ചു വിടുന്ന സ്ഥിതിയുണ്ടാകും. ഈ നിയമം കാരണം കാവൽ മന്ത്രിസഭകളുടെ ഏണ്ണം വർദ്ധിക്കും.

നിയമസഭയിലേക്ക് അഞ്ചു വർഷത്തേക്ക് തിരഞ്ഞെടുത്ത സർക്കാരുകൾ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ അസാധുവാകുന്ന അവസ്ഥയുണ്ടാകും. ഓന്നോ രണ്ടോ വർഷം മാത്രമായ ചില സംസ്ഥാനസർക്കാരുകൾ വീണ്ടും ജനവിധി തേടേണ്ടി വരും.

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് : ജനാധിപത്യവും ഫെഡറലിസവും നേരിടുന്ന പ്രത്യാഘാതങ്ങൾ എന്ന സെമിനാർ കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*(ദേശാഭിമാനി,ഫെബ്രുവരി 28)*

## മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ചുമതലയേറ്റു

26-ാമത് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ഗ്യാനേഷ് കുമാർ ചുമതലയേറ്റു. വിവേക് ജോഷി തിരഞ്ഞെടുപ്പ് കമ്മീഷണറായും ചുമതലയേറ്റു. 1988 ബാച്ച് കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ് ഗ്യാനേഷ് കുമാർ.

*(കേരളകൗമുദി, ഫെബ്രുവരി 20)*

## സാമാജികരുടെ അച്ചടക്കലംഘനം ശിക്ഷയും ആനുപാതികമാകണം: സുപ്രീംകോടതി

സാമാജികരുടെ അച്ചടക്കലംഘനത്തിനും മോശം പെരുമാറ്റത്തിനുമുള്ള ശിക്ഷ ആനുപാതികമായിരിക്കണമെന്ന് സുപ്രീംകോടതി. മുഖ്യമന്ത്രി നിതീഷ് കുമാറിനെതിരെ മോശം പരാമർശം നടത്തിയതിന് ആർജെഡി എംഎൽസി സുനിൽകുമാർ സിംഗിനെ ബീഹാർ നിയമസഭയിൽ നിന്ന് പുറത്താക്കിയ നടപടി റദ്ദാക്കിയാണ് സുപ്രീംകോടതി മാർക്ഷരേഖയിറക്കിയത്.

പാർലമെന്റിലും നിയമസഭയിലും അക്രമത്തിനും അപമര്യാദയ്ക്കും സ്ഥാനമില്ല. സഭകളിൽ അംഗങ്ങൾ പരസ്പരം ബഹുമാനവും ആദരവും കാത്തുസൂക്ഷിക്കണം. സംസാരിക്കാനുള്ള അവകാശം സഭയ്ക്കുള്ളിൽ മറ്റ് അംഗങ്ങളെ അപമാനിക്കാനോ, മോശമാക്കാനോ ഉപയോഗിക്കരുതെന്നും സുപ്രീംകോടതി വ്യക്തമാക്കി. അംഗങ്ങളെ പുറത്താക്കുകയോ അയോഗ്യരാക്കുകയോ ചെയ്യുമ്പോൾ അവർ ചെയ്യുന്ന തെറ്റിന് ആനുപാതികമായിരിക്കാൻ ശ്രദ്ധിക്കണം. അംഗങ്ങൾക്കെതിരെ നടപടിയെടുക്കുമ്പോൾ എന്തെല്ലാം പരിഗണിക്കണമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

*(മാതൃഭൂമി, ഫെബ്രുവരി 26)*

## മണ്ഡലപുനർനിർണയം : ആശങ്കയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ

ലോക്സഭാമണ്ഡല അതിർത്തി പുനർനിർണയ പ്രക്രിയ ആരംഭിക്കാനിരിക്കേ മണ്ഡലങ്ങൾ കുറയുമെന്ന ആശങ്കിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ. കേരളവും തമിഴ്നാടും അടക്കമുള്ള സംസ്ഥാനങ്ങളാണ് ആശങ്ക പങ്കുവെയ്ക്കുന്നത്.

അതേസമയം 80 മണ്ഡലങ്ങളുള്ള ഉത്തർപ്രദേശിൽ 120 മണ്ഡലങ്ങളായി വർദ്ധിക്കുന്നതിനും പുനർനിർണയം വഴിയൊരുക്കും. ഇതിനിടെ സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കാൻ തമിഴ്നാട് സർക്കാർ തീരുമാനിച്ചു. തമിഴ്നാട്ടിൽ പുനർനിർണയം മൂലം എട്ട് സീറ്റുകൾ കുറയുന്നത് കണക്കിലെടുത്താണ് സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ പ്രതികരിച്ചു.

*(ജനയുഗം, ഫെബ്രുവരി 26)*

## തിരഞ്ഞെടുപ്പ് അവിശ്വാസത്തിന് കോടതി നടപടികളും കാരണം

തിരഞ്ഞെടുപ്പ് നടപടികളിൽ വോട്ടർമാർക്ക് അവിശ്വാസമുണ്ടാകാൻ കോടതി നടപടികളും കാരണമാകുന്നുവെന്ന് സ്ഥാനമൊഴിയുന്ന മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ. ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന ചില കേസുകൾ തിരഞ്ഞെടുപ്പുകളുടെ നിർണായകഘട്ടത്തിൽ പരിഗണിക്കുന്നതാണ് അദ്ദേഹം വിടവാങ്ങൽ പ്രസംഗത്തിൽ പരമാർശിച്ചത്.

*(മലയാളമനോരമ, ഫെബ്രുവരി 18)*

## ആറ്റുകാൽ പൊങ്കാല: മാർച്ച് 13 ന് പ്രാദേശിക അവധി

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് പൊങ്കാല ദിവസമായ മാർച്ച് 13 ന് തിരുവനന്തപുരം ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും അവധി ആയിരിക്കുമെന്ന് ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു.

*(മംഗളം,ഫെബ്രുവരി 19)*

# പത്രവാർത്തകളിലൂടെ

## അധികാരവികേന്ദ്രീകരണം : കേരളത്തിന് രണ്ടാം സ്ഥാനം

പഞ്ചായത്തീരാജ് സംവിധാനത്തിന്റെ അധികാര വികേന്ദ്രീകരണസൂചികയിൽ (ഡിഐ) റാങ്കിങ്ങിൽ ദേശീയതലത്തിൽ കേരളത്തിന് രണ്ടാം സ്ഥാനം. കർണാടകയാണ് (72.23) ഒന്നാം സ്ഥാനത്ത്. തമിഴ്നാട് (68.38) മൂന്നാം സ്ഥാനത്തുണ്ട്. കേരളം 70.59 പോയിന്റുകളാണ് കരസ്ഥമാക്കിയത്.

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയവും ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക് അഡ്മിനിസ്ട്രേഷനും ചേർന്നാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

പഞ്ചായത്തുതലത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ടിൽ വികേന്ദ്രീകരണ സൂചിക, ധനകാര്യം, ഉത്തരവാദിത്തം എന്നിവയുടെ പ്രധാന ഉപസൂചികകളുടെ റാങ്കിങ്ങിലാണ് കേരളം രണ്ടാം സ്ഥാനത്തെത്തിയത്.

നിർബന്ധിത ചട്ടക്കൂടുമായി ബന്ധപ്പെട്ട സൂചകത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. മഹാരാഷ്ട്ര, കർണാടക, ഹരിയാന എന്നിവയാണ് തൊട്ടുപിന്നിൽ. ശക്തമായ ഭരണം ഉറപ്പാക്കുന്ന നിയമവ്യവസ്ഥകൾ പാലിക്കുന്നതിൽ കേരളം വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്തത് പ്രശംസനീയമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

പതിവായി പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തുക, സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ എന്നിവർക്കുള്ള പ്രാതിനിധ്യം ഉറപ്പാക്കൽ തുടങ്ങിയ നിയമപരമായ ആവശ്യകതകളുടെ അടിസ്ഥാനത്തിലാണ് നിർബന്ധിത ചട്ടക്കൂട് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്.

*(ജനയുഗം, ഫെബ്രുവരി 26)*

## തിരഞ്ഞെടുപ്പ് പ്രചാരണം : കൂടുതൽ ചെലവിട്ടത് തരൂർ

2024 ലോക്സഭാ തിരഞ്ഞെടുപ്പിൽ ജയിച്ച സ്ഥാനാർത്ഥികളിൽ രാജ്യത്ത് ഏറ്റവും കൂടുതൽ തുക പ്രചാരണത്തിനായി ചെലവിട്ടത് കോൺഗ്രസിലെ ശശിതരൂർ. തിരുവനന്തപുരം മണ്ഡലത്തിൽ 94.89 ലക്ഷം രൂപ.

ആദ്യത്തെ 15 പേരിൽ കോൺഗ്രസിന്റെ അഞ്ചു സ്ഥാനാർത്ഥികളും ബിജെപിയുടെ മൂന്ന് സ്ഥാനാർത്ഥികളുമുണ്ട്.

കേരളത്തിൽ 95 ലക്ഷം രൂപയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച ചെലവ് പരിധി.

പൊന്നാനിയിൽ 94.69 ലക്ഷം രൂപ ചെലവിട്ട മുസ്ലീംലീഗ് അംഗം അബ്ദുസ്സമദ് സമദാനി മൂന്നാം സ്ഥാനത്തുണ്ട്. വയനാട്ടിൽ നിന്നു ജയിച്ച രാഹുൽഗാന്ധി 92.82 ലക്ഷം രൂപയുമായി പത്താം സ്ഥാനത്തുണ്ട്.

*(മലയാളമനോരമ, ഫെബ്രുവരി 13)*

## പരസ്യവിപണിയിൽ അച്ചടി തന്നെ താരം

ഇന്ത്യൻ പരസ്യവിപണിയിൽ 2024 ൽ ഒൻപതു ശതമാനം വളർന്ന് 1,07,980 കോടി രൂപയായി. പിച്ച് മാഡിസൺ വേൾഡ് അഡ്വർട്ടൈസിങ് റിപ്പോർട്ട് 2025 ആണ് ഇക്കാര്യം വ്യക്തമാക്കുന്നത്. മൊത്തം പരസ്യവരുമാനത്തിൽ അച്ചടി മാധ്യമങ്ങളുടെ പങ്ക് 19 ശതമാനമാണ്. ആഗോള ശരാശരിയെക്കാൾ വളരെ ഉയരത്തിലാണ് ഇന്ത്യയിൽ അച്ചടി മാധ്യമങ്ങളുടെ പങ്കാളിത്തം. ആഗോളതലത്തിൽ മൊത്തം പരസ്യവിപണിയിൽ മൂന്നു ശതമാനം മാത്രമാണ് അച്ചടി മാധ്യമങ്ങളുടെ പങ്ക്.

*(മാതൃഭൂമി,ഫെബ്രുവരി 16)*

## നിയമം പ്രത്യേക രീതിയൽ വേണമെന്ന് സഭകൾക്ക് നിർദ്ദേശം നൽകാനാവില്ല : സുപ്രീംകോടതി

പ്രത്യേക രീതിയിൽ നിയമം നടപ്പാക്കാൻ നിയമനിർമാണ സഭകൾക്ക് നിർദ്ദേശം നൽകാനാകില്ലെന്ന് സുപ്രീംകോടതി. ജസ്റ്റിസുമാരായ ബി ആർ ഗവായ്, അഗസ്റ്റിൻ ജോർജ് മസിഹ് എന്നിവരടങ്ങിയ ബെഞ്ചാണ് ഈ നിരീക്ഷണം നടത്തിയത്.

ഡൽഹി ഹൈക്കോടതി 2024 ഫെബ്രുവരി ഉത്തരവിനെതിരെയുള്ള ഹർജി പരിഗണിക്കുകയായിരുന്നു ബെഞ്ച്. എല്ലാ വശങ്ങളും പരിഗണിച്ചാണ് സഭ പുതിയ നിയമനിർമാണം നടത്തുന്നത്. അതിനാൽ അത് പ്രത്യേക രീതിയിൽ നടത്തണമെന്ന് നിർദ്ദേശിക്കാൻ ഹൈക്കോടതികൾക്കോ, സുപ്രീംകോടതിക്കോ കഴിയില്ല.

*(ജനയുഗം, ഫെബ്രുവരി 15)*

## വാർഡ് പുനർവിഭജനവുമായി മുന്നോട്ട് പോകാം : ഹൈക്കോടതി

തദ്ദേശസ്വയംഭരണ വാർഡ് പുനർവിഭജനവുമായി മുന്നോട്ട് പോകാമെന്ന് ഹൈക്കോടതി. വിവിധ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഡ് വിഭജനം റദ്ദാക്കിയ സിംഗിൾ ബെഞ്ച് വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീലിലാണ് ഡിവിഷൻ ബെഞ്ചിന്റെ വിധി.

വാർഡുകളുടെ എണ്ണം തീരുമാനിക്കുന്നത് നിയമസഭയുടെ അധികാരമാണെന്നും അതിൽ ഇടപെടാനാവില്ലെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.അവസാനത്തെ സെൻസസിന്റെ അടിസ്ഥാനത്തിൽ എത്ര തവണ വേണമെങ്കിലും സർക്കാരിന് വാർഡ് വിഭജനം നടത്താമെന്നും ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.

ഇതോടെ 2015ൽ വിഭജിച്ച വാർഡുകളിൽ വീണ്ടും വാർഡ് വിഭജനവുമായി സർക്കാരിന് മുന്നോട്ട് പോകാം.എട്ട് നഗരസഭകളിലെയും ഒരു ഗ്രാമപഞ്ചായത്തിലെയും വാർഡ് വിഭജനമാണ് ഡിവിഷൻ ബെഞ്ച് ശരിവെച്ചത്.

ജസ്റ്റിസ് എ മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് പി കൃഷ്ണകുമാർ എന്നിവരടങ്ങിയ ഡിവഷൻ ബെഞ്ചിന്റേതാണ് വിധി.

*(ചന്ദ്രിക, ഫെബ്രുവരി 25)*

## വിദേശത്ത് നിന്ന് വോട്ട് : കമ്മീഷൻ തയ്യാർ

പ്രവാസി ഇന്ത്യക്കാർക്കു വിദേശത്തിരുന്നു വോട്ട് ചെയ്യാനുള്ള അവകാശം നൽകാൻ സമയമായെന്നു സ്ഥാനമൊഴിയുന്ന മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ പറഞ്ഞു.

ഇതിനുള്ള സംവിധാനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മലയാളികളടക്കമുള്ള പ്രവാസികളുടെ ദീർഘകാലത്തെ ആവശ്യമാണിത്.

ആഭ്യന്തര, വിദേശ കുടിയേറ്റം മൂലം 30 കോടി വോട്ടർമാരാണ് തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാകാതെ പോകുന്നത്. സ്വന്തം മണ്ഡലത്തിലല്ലാത്തവർക്ക് മറ്റു മണ്ഡലങ്ങളിൽ നിന്നും വോട്ട് ചെയ്യുന്നതിന്റെ സാധ്യതയും കമ്മീഷൻ തേടിയിരുന്നു.

ഇക്കാര്യത്തിൽ പാർട്ടികൾ തമ്മിൽ അഭിപ്രായസമന്വയമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

*(മലയാള മനോരമ, ഫെബ്രുവരി 18)*

# ഭരണഘടന എന്ന അത്ഭുതവിളക്ക്



പി ജെ ജയിംസ്

ഏതൊരു ആധുനിക രാഷ്ട്രത്തിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് അതിന്റെ ഭരണഘടന. ഭരണഘടന ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ശിലയാണ്. ആ ശിലയിലാണ് ആ രാഷ്ട്രത്തിന്റെ എല്ലാ ഭരണനിർമ്മിതികളും കെട്ടിയുയർത്തപ്പെട്ടിരിക്കുന്നത്. ലോകത്ത് ലിഖിതവും അലിഖിതവുമായ ഭരണഘടനകളുണ്ട്. ഒരു കാലത്ത് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളെ കോളനികളാക്കി അടിച്ചമർത്തി ഭരിച്ചിരുന്ന സാമ്രാജ്യത്വശക്തിയായ ബ്രിട്ടനിൽ അലിഖിത ഭരണഘടനയാണ് നിലവിലുള്ളത്. ലിഖിതമായാലും അലിഖിതമായാലും ഭരണഘടനയില്ലാത്ത ഒരു രാഷ്ട്രത്തിനു മുന്നേറാൻ കഴിയില്ല എന്നതാണ് മേൽപറഞ്ഞതിന്റെ സാരം.

ലോകത്തെ ഏറ്റവും ബൃഹത്തായ ലിഖിതമായ ഭരണഘടനയാണ് ഇന്ത്യയുടേത്. ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് പരാമർശിക്കുമ്പോഴും അതിന്റെ ചരിത്രനാൾവഴികളിലൂടെ സഞ്ചരിക്കുമ്പോഴും അതിന്റെ ഭരണഘടനാ നിർമ്മാണസഭയെക്കുറിച്ച് സ്മരിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ല. ഇന്ത്യയുടെ സ്വതന്ത്ര്യസമര ചരിത്രത്തെയും അതിന്റെ ഭരണഘടനാ നിർമ്മാണസഭയെയും തമ്മിൽ വേർതിരിച്ച് നോക്കി കാണാനാവില്ല. 1920 കൾ മുതൽക്ക് തന്നെ ഒരു ഭരണഘടനാ നിർമ്മാണസഭ വേണമെന്ന ആവശ്യം ഇന്ത്യയിൽ ഉയർന്നു വന്നിരുന്നു.

1929 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ സമ്മേളനത്തിൽ ഇന്ത്യയ്ക്ക് പൂർണ്ണസ്വരാജ് വേണമെന്ന പ്രമേയം അംഗീകരിച്ചതോടുകൂടി ഈയാവശ്യം രാജ്യത്തെമ്പാടും ശക്തമായി ഉയർന്നു വന്നിരുന്നു. എം എൻ റോയിയാണ് ഇന്ത്യയ്ക്ക് ഒരു ഭരണഘടനയുണ്ടാക്കാൻ ഭരണഘടനാ നിർമ്മാണസഭ രൂപീകരിക്കണമെന്ന ആവശ്യം ആദ്യമായി ഉന്നയിച്ചത്.

1945 ലെ രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോകത്തെ അധികാരശക്തികേന്ദ്രങ്ങളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിരുന്നു. അത്തരമൊരു മാറ്റം ബ്രിട്ടനിലും സംഭവിച്ചു. ബ്രിട്ടനിൽ വിൻസ്റ്റൺ ചർച്ചിലിന്റെ നേതൃത്വത്തിലുള്ള കൺസർവേറ്റീവ് പാർട്ടിയെ പരാജയപ്പെടുത്തി ലേബർ പാർട്ടി നേതാവായ ക്ളമന്റ് ആറ്റ്ലി പ്രധാനമന്ത്രിയായതോടു കൂടി തങ്ങളുടെ കോളനി രാഷ്ട്രങ്ങളിലെ പൗരാവകാശ പ്രസ്ഥാനങ്ങളെയൊക്കെ മാനിക്കുന്നതും അവരുയർത്തുന്ന മനുഷ്യാവകാശവിഷയങ്ങളെയൊക്കെ കേൾക്കുന്നതുമായ ഒരു നില ബ്രിട്ടനിൽ സംജാതമായി. അതിന്റെ ഫലമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മേൽ അന്നുവരെ ചുമത്തിയിരുന്ന എല്ലാ നിരോധിത ഉത്തരവുകളും പിൻവലിക്കപ്പെടുകയാണ് ഉണ്ടായത്. അതിനെ തുടർന്ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുന്നതുൾപ്പെടെയുള്ള അവരുയർത്തുന്ന വിഷയങ്ങളെക്കുറിച്ചു പഠിക്കാൻ അന്നത്തെ ബ്രിട്ടീഷ് കാബിനറ്റിലെ അംഗങ്ങളായ പെത്തിക് ലോറൻസ്, എ വി അലക്സാണ്ടർ, സർ സ്റ്റാഫോർഡ് ക്രിപ്സ് എന്നിവരെ അംഗങ്ങളായി നിയമിച്ചുകൊണ്ട് 1946 ൽ ഒരു കാബിനറ്റ് മിഷനെ ക്ളമന്റ് ആറ്റ്ലി ഇന്ത്യയിലേക്ക് അയയ്ക്കുകയാണ് ചെയ്തത്. കാബിനറ്റ് മിഷൻ ബ്രിട്ടനു ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇന്ത്യയെ ഹിന്ദു, മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളെ അടിസ്ഥാനമാക്കി പ്രോവിൻസുകളായി തിരിച്ച് അവയ്ക്ക് സ്വാതന്ത്ര്യം നൽകുക, ഗവൺമെന്റ് രൂപീകരിക്കുക, സ്വാതന്ത്ര്യം നൽകുന്നതുവരെ ഭരണം നടത്തുന്നതിന് ഒരു ഇടക്കാല ഗവൺമെന്റും ഭരണഘടന എഴുതിയുണ്ടാക്കാൻ ഒരു ഭരണഘടനാ നിർമ്മാണസഭയും രൂപീകരിക്കുക എന്നിവയായിരുന്നു ആ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ. പ്രസ്തുത റിപ്പോർട്ട് ബ്രിട്ടീഷ് കാബിനറ്റ് അംഗീകരിക്കുകയും, അപ്രകാരം വ്യത്യസ്ത ഇലക്ടറേറ്റുകളുള്ള പ്രോവിൻസുകളിൽ നിന്നും തിരഞ്ഞെടുപ്പ് നടത്തി അവിടത്തെ പ്രതിനിധികളെ ഉൾപ്പെടുത്തി ഇന്ത്യയ്ക്ക് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഒരു ഇടക്കാല ഗവൺമെന്റും ഭരണഘടനാ നിർമ്മാണസഭയും രൂപീകരിക്കപ്പെടുന്നതിനും ഇടയായി.

തത്ഫലമായാണ് പ്രോവിൻഷ്യൽ സഭകളിൽ നിന്ന് ഭരണഘടനാ നിർമ്മാണസഭയിലേക്ക് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലൂടെ തിരഞ്ഞെടുപ്പ് നടന്നത്. അങ്ങനെ ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ നിന്നും 284 പേരെ തിരഞ്ഞെടുത്തും നാട്ടുരാജ്യങ്ങളിൽ നിന്നും 93 പേരെ നാമനിർദ്ദേശത്തിലൂടെയും 12 പ്രഗത്ഭരെ ഇടക്കാല സർക്കാർ നാമനിർദ്ദേശം ചെയ്തും ആകെ 389 അംഗങ്ങളെ ഉൾപ്പെടുത്തി 1946 ഡിസംബർ ആറിനു പ്രഥമയോഗം ചേർന്ന് ഭരണഘടനാ നിർമ്മാണ സഭ പ്രവർത്തനമാരംഭിച്ചു. നമ്മൾ ഓർക്കേണ്ട ഒരു കാര്യം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനും എത്രയോ മുൻപു തന്നെ നമുക്കിന്നു ലഭ്യമായ ഭരണഘടനയുടെ നിർമ്മിതിയ്ക്കു വേണ്ടിയുള്ള ശ്രമങ്ങളാരംഭിച്ചു എന്നതാണ്. 1946 ഡിസംബർ 13 ന് സഭയുടെ പ്രഥമ സമ്മേളനത്തിൽ ജവഹർലാൽ നെഹ്റു ലക്ഷ്യപ്രമേയം (Objective Resolution) അവതരിപ്പിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ഇന്ത്യ എങ്ങനെ ആയിരിക്കണമെന്ന വിശാലമായ കാഴ്ചപ്പാട് നെഹ്റുവിനന്നേ ഉണ്ടായിരുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണത്. ആ ലക്ഷ്യപ്രമേയമാണ് പിന്നീട് ഭേദഗതികളോടെ ഭരണഘടനയുടെ ആമുഖമായി (PREAMBLE) മാറിയത് എന്നത് ചരിത്രവസ്തുതയാണ്.

ഇന്ത്യ വിഭജനത്തിനു ശേഷം ഭരണഘടനാ നിർമ്മാണസഭ 15 വനിതകളുൾപ്പെടെ 299 അംഗങ്ങളായി ചുരുങ്ങി. ഈ 15 വനിതകളിലെ മൂന്നു പേർ മലയാളികളായിരുന്നു. മലബാറിൽ നിന്നുള്ള അമ്മു സ്വാമിനാഥൻ, കൊച്ചിയിൽ നിന്നുള്ള ദാക്ഷായണി വേലായുധൻ, തിരുവിതാംകൂറിൽ നിന്നുള്ള ആനി മസ്ക്രീൻ എന്നിവരായിരുന്നു ആ മൂന്ന് പേർ. ഈ മൂന്നു വനിതകളിൽ ഒരാൾ ദളിത് വനിതയായിരുന്നു എന്നതും മലയാളികളായ എല്ലാവർക്കും ഭരണഘടനയെക്കുറിച്ച് ചിന്തിക്കുമ്പോൾ അഭിമാനത്തോടെ ഓർക്കാവുന്ന ഒന്നാണ്. കാരണം കേരളം പണ്ടുമുതലേ പുരോഗമന ചിന്താഗതിയുടെ പാതയിലായിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണം കൂടിയാണത്.

ഭരണഘടനാ നിർമ്മാണ സഭയുടെ സ്ഥിരം അദ്ധ്യക്ഷൻ ഡോ.രാജേന്ദ്രപ്രസാദായിരുന്നു. ഭരണഘടനയുടെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നതിനായി എട്ട് പ്രധാനസമിതികളും മറ്റു ഉപസമിതികളുമായി 22 സമിതികൾ വരെ രൂപീകരിക്കപ്പെട്ടിരുന്നു. ഡോ.ബി ആർ അംബേദ്കറായിരുന്നു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ. അദ്ദേഹം ഭരണഘടനയുടെ മുഖ്യശില്പി എന്നറിയപ്പെടുന്നു. ബി എൻ റാവുവാണ് ഭരണഘടനയുടെ കരട് തയ്യാറാക്കി ഡ്രാഫ്റ്റിംഗ് കമ്മിറ്റിയ്ക്ക് പരിശോധനയ്ക്കായി നൽകുന്നത്. 1948 ഒ

ക്ടോബറിൽ ജനാഭിപ്രായം സ്വരൂപിക്കുന്നതിനായി ഈ കരട് പുറത്തുവിടുകയും ലഭിച്ച നിർദ്ദേശങ്ങൾ വീണ്ടും പ്രത്യേക സമിതി പരിശോധിച്ചു ഡ്രാഫ്റ്റിംഗ് കമ്മിറ്റി യോഗം ചേർന്നു അവ അന്തിമമാക്കി. 1948 ൽ നവംബർ നാലിന് ഭരണഘടനാ നിർമ്മാണസഭ യോഗം ചേരുകയും കരടും ഭേദഗതിയും ചർച്ച ചെയ്തു. ധാരാളം വിമർശനങ്ങൾ ഉയർന്നു വരികയും ഒരു രണ്ടാം വായനയിലൂടെ അനുച്ഛേദങ്ങൾ ഓരോന്നായി ഇഴകീറി പരിശോധിച്ചു അന്തിമമാക്കുകയും ചെയ്തു. അന്നത്തെ ചർച്ചകൾക്കു മുൻപായി അന്തിമകരട് അവതരിപ്പിച്ചു അംബേദ്കർ പറഞ്ഞത് ഇപ്രകാരമാണ്

“പുതിയ ഭരണഘടനയ്ക്കു കീഴിൽ മോശം കാര്യങ്ങൾ സംഭവിക്കുകയാണെങ്കിൽ അത് നമുക്കൊരു മോശം ഭരണഘടന ഉള്ളതുകൊണ്ടാണെന്ന് കരുതേണ്ടതില്ല. അത് കൈകാര്യം ചെയ്യുന്നവർ മോശക്കാരായതുകൊണ്ടാണ്”. 1949 നവംബർ 26 ന് ഇന്ത്യയ്ക്ക് വേണ്ടി എഴുതിയുണ്ടാക്കിയ പുതിയ ഭരണഘടന, ഭരണഘടനാ നിർമ്മാണസഭ അംഗീകരിച്ചു. 1950 ജനുവരി 26 ന് ആമുഖവും 395 ആർട്ടിക്കിളുകളും 22 ഭാഗങ്ങളും എട്ട് പട്ടികകളും 90,000 വാക്കുകളിൽ ഉൾക്കൊള്ളിച്ച വിപുലമായ ഭരണഘടന നിലവിൽ വരികയും ചെയ്തു. ഇംഗ്ളീഷിലും ഹിന്ദിയിലുമാണ് ആറ് മാസമെടുത്ത് ഭരണഘടനയുടെ കൈയ്യെഴുത്ത്പ്രതികൾ തയ്യാറാക്കിയത്. ഹീലിയം നിറച്ച കൂടുകളിലാക്കി അവ പാർലമെന്റിൽ സംരക്ഷിച്ചു പോരുന്നു. അതിന് ശേഷം നാളിതുവരെ നൂറിൽ പരം ഭേദഗതികളോടെ 12 പട്ടികകളായി വികസിച്ച് ഭരണഘടന നിലകൊള്ളുന്നു. എല്ലാ വർഷവും ജനുവരി 26 റിപ്പബ്ലിക് ദിനമായും നവംബർ 26 ഭരണഘടനാ ദിനമായും രാജ്യം ആചരിക്കുന്നു.

രണ്ട് വർഷവും 11 മാസവും 18 ദിവസവും നീണ്ട പ്രയത്നത്തിന്റെ ഒടുവിലാണ് ഇന്ത്യക്കാരായ നാം തന്നെ നമുക്കു വേണ്ടി തീരുമാനിച്ച് എഴുതി സമർപ്പിക്കപ്പെട്ട ഭരണഘടന നിലവിൽ വരുന്നത്. അന്നു ലോകത്തിൽ നിലവിലുണ്ടായിരുന്ന ഭരണഘടനകളിലെ മികച്ച ആശയങ്ങളും മാതൃകകളും ഉൾപ്പെടുത്താനും എല്ലാ പൗരാവകാശങ്ങളെയും മനുഷ്യാവകാശങ്ങളെയും ഉൾക്കൊള്ളാനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ആട്ടിയോടിക്കപ്പെട്ടുമാറ്റിനിർത്തപ്പെട്ടവരുടെയും ജീവിത ദൈന്യതയ്ക്ക് ആശ്വാസം പകരാനും അവർക്ക് മറ്റുള്ളവരെപ്പോലെ തന്നെ ആത്മാഭിമാനത്തോടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വന്നു ജീവിക്കാനുമുള്ള അടിത്തറയൊരുക്കുന്നതിനും ഭരണഘടനാ ശില്പികൾക്കു കഴിഞ്ഞിട്ടുണ്ട്. ഭരണഘടനാ നിർമ്മാണ സഭയിലെ തികച്ചും ജനാധിപത്യപരമായ ഇത്തരം സംവാദങ്ങളും കൊടുക്കൽ വാങ്ങലുകളും സാംസ്കാരിക വിനിമയങ്ങളും കണ്ടിട്ടാണ് വിമർശകർ ഇത് വിദേശികൾ എഴുതിയതാണെന്നും വിദേശ ഭരണഘടനയുടെ പകർപ്പാണെന്നുമൊക്കെ വിമർശിക്കുന്നത്. ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, ക്രിയാത്മകവും സക്രിയവുമായ വിമർശനങ്ങളും ഉൾക്കൊള്ളുന്നതു കൂടിയാണ് ഇന്ത്യൻ ഭരണഘടന.

ഇന്ത്യയിൽ ഭരണഘടന നിലവിൽ വന്നതോടുകൂടി, വെറും പ്രജകളും അണികളും അടിമകളുമായി അടിച്ചമർത്തപ്പെട്ടു കഴിഞ്ഞിരുന്ന ജനസമൂഹം അന്തസ്സും അധികാരാവകാശങ്ങളുമുള്ള പൗരൻമാരായി മാറി എന്നതാണ് ഭരണഘടനയുടെ കരുത്തും, അതിൽ നാം ദർശിക്കേണ്ട ഏറ്റവും വലിയ സാമൂഹ്യവിപ്ളവവും.

ഭരണഘടന നിലവിൽ വന്നിട്ട് 75 സംവത്സരങ്ങൾ പിന്നിട്ടിരിക്കുന്നു. ഭരണഘടന മുന്നോട്ടു വച്ചിട്ടുള്ള ദർശനങ്ങളിൽ പലതും നാം ഇനിയും കൈവരിക്കേണ്ടതുണ്ട്. ജനാധിപത്യം, സോഷ്യലിസം, മതേതരത്വം എന്നീ മനുഷ്യത്വപരമായ സിദ്ധാന്തങ്ങളിലൂന്നിയ സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം എന്നീ അവകാശങ്ങൾ സർവ്വതലസ്പർശിയായി എല്ലാവരിലേയ്ക്കും ഒരേ പോലെ എത്തിച്ചേരേണ്ടതുണ്ട്. ‘Rule of Law’ (നിയമവാഴ്ച) അതിൽ പ്രധാനപ്പെട്ടതാണ്. സാധാരണക്കാർക്കും പിന്നാക്കക്കാർക്കും മുഖ്യധാരയിലേയ്ക്ക് കടന്നുവന്ന് പ്രവർത്തിക്കാനുള്ള ആത്മവിശ്വാസവും പ്രോത്സാഹനവും ലഭിക്കുന്നത് കൃത്യമായി നിയമവാഴ്ച ഉറപ്പുവരുത്തിയിട്ടുള്ള സുരക്ഷയുടെ പ്രതലത്തിൽ നിന്നാണ്. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ബോധ്യമില്ലാതെ, ഒരുവനെ അവന്റെ നിറവും വേഷവും പദവിയും നോക്കി വിലയിരുത്തുകയും അതനുസരിച്ച് മാറ്റിമറിക്കപ്പെടുന്ന നിയമങ്ങൾ ഉള്ളിടത്ത് നിയമവാഴ്ചയുണ്ടെന്ന് കരുതപ്പെടാൻ നിവൃത്തിയില്ല. ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിക്കും തുല്യമൂല്യമാണ് കൽപിച്ചിട്ടുള്ളത്. അതുകൊണ്ടാണ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു കാണുന്നത്. “ഭരണഘടന നിലവിൽ വരുന്നതിന് മുൻപ് നമുക്ക് കുറ്റപ്പെടുത്താൻ ബ്രിട്ടീഷുകാരുണ്ടായിരുന്നു. അതിനുശേഷം നമ്മൾ വരുത്തുന്ന തെറ്റുകൾക്ക് നമ്മൾ തന്നെയാണ് ഉത്തരവാദികൾ”. അങ്ങനെ നോക്കുമ്പോൾ ഇന്ത്യൻ ജനതയുടെ ആത്മാവിഷ്ക്കാരമാണ് ഇന്ത്യയുടെ ഭരണഘടന എന്നു കാണാം. അത് കാലഘട്ടത്തിനൊപ്പം സഞ്ചരിച്ച് വികസിതമാകുകയും സ്വയം പുതുക്കപ്പെട്ടു നവീനമായി കാലാനുവർത്തിയായി നിലകൊള്ളുന്നതുമാണ്. അത് ആശയറ്റവന് ഇപ്പോഴും പ്രതീക്ഷയും പ്രകാശവും ചൊരിയുന്ന ദീപസ്തംഭമാണ്.

ഇന്ത്യൻ ഭരണഘടന ലളിതവും ആശയസമ്പുഷ്ടവുമാണ്. നമുക്ക് അതിനെ ഈ പ്രപഞ്ചവിശാലതയോളം ഉപമിക്കാൻ കഴിയും. അതിന്റെ ആമുഖമായ താക്കോലുപയോഗിച്ച് അകത്ത് പ്രവേശിക്കുമ്പോൾ ഇന്ത്യയെന്താണെന്നും പൗരൻമാർ ആരൊക്കെയാണെന്നും കാട്ടിത്തരും. തുടർന്ന് ഇന്ത്യൻ പൗരൻമാരുടെ നിഷേധിക്കാനാവാത്ത അവകാശങ്ങളെന്താണെന്ന് കാട്ടിത്തരും. അവകാശങ്ങളുടെ ലംഘനത്തിനുള്ള പരിഹാരമെന്താണെന്ന് പറഞ്ഞുതരും.

പൗരസമൂഹത്തിന് നൽകേണ്ട ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും ശാസ്ത്രബോധം വളർത്തിയെടുത്തു അവരെ ആധുനിക സമൂഹമായി മുന്നോട്ടു നയിക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ ഭരണകർത്താക്കൾക്ക് നൽകിയും അതോടൊപ്പം പൗരൻമാർ നിർവ്വഹിക്കേണ്ട കടമകളും അത് പറഞ്ഞു വയ്ക്കുകയും ചെയ്യുന്നു. മേൽ പ്രതിപാദിച്ച ലക്ഷ്യവും കാഴ്ചപ്പാടും നിർവ്വഹിക്കപ്പെടുന്നതിനുള്ള ഭരണഘടനാ സ്ഥാപനങ്ങളെയും, സംവിധാനങ്ങളെയും അതിനാവശ്യമായ നിയമവ്യവസ്ഥകളെയും സൃഷ്ടിച്ചുകൊണ്ടാണ് ഭരണഘടന എന്ന ‘Law of the Land’ എഴുതപ്പെട്ടിട്ടുള്ളത്.

ഇവിടെയാണ് അംബേദ്കർ പറഞ്ഞിട്ടുള്ളതിന്റെ പ്രസക്തി. അതിപ്രകാരമാണ്– “ഭരണഘടന സ്വയം പ്രവർത്തിക്കില്ല, അതിനെ പ്രവർത്തിപ്പിക്കേണ്ടതുണ്ട്”. ഭരണഘടനയെ പ്രവർത്തിപ്പിക്കേണ്ട ബാധ്യത അതിനു കീഴിൽ രൂപം കൊടുത്തിട്ടുള്ള ഭരണഘടനാസ്ഥാപനങ്ങൾക്കും ഭരണസംവിധാനങ്ങൾക്കുമാണ്. ഒരു സാധാരണ പൗരന് ലഭിക്കേണ്ട സ്വാഭാവിക നീതിയുടെ (Natural Justice) അടിസ്ഥാന പ്രമാണവും ഭരണഘടനയാണ്. ഭരണഘടനാസ്ഥാപനങ്ങളിലും നിയമസ്ഥാപനങ്ങളിലും സിവിൽ സർവ്വീസ് മേഖലയിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഭരണഘടനാ മൂല്യങ്ങളെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാതെ വരുന്നതുമൂലം സാധാരണ പൗരൻമാർക്ക് സ്വാഭാവിക നീതി നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളേറെയാണ്. കോടതികളിലും മറ്റും കേസുകളുടെ ബാഹുല്യം ഇത്രയധികം കൂടുന്നതിനൊരു കാരണവും ഇതു തന്നെയാണ്. ഈ സന്ദർഭത്തിൽ രാഷ്ട്രപിതാവായ മഹാത്മജി പറഞ്ഞത് ശ്രദ്ധിക്കേണ്ട

തുണ്ട്. “നിങ്ങൾ തീരുമാന മെടുക്കാൻ പ്രയാസപ്പെടുമ്പോൾ നിങ്ങൾ ജീവിതത്തിൽ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും ദരിദ്രനായ സാധാരണക്കാരന്റെ മുഖം ഓർമ്മിക്കുക”.

ഇന്ത്യൻ ഭരണഘടന ആരംഭിക്കുന്ന ‘We’ എന്ന വാക്കും അനുച്ഛേദം ഒന്നിലെ India, that is Bharat എന്ന വാക്യവും ഇന്ത്യ എന്ന മഹത്തായ ആശയത്തെ സമ്പുഷ്ടമാക്കുന്ന ബഹുസ്വരതയിലൂന്നിയ ഇന്ത്യയുടെ ഐക്യത്തെ (Unity) പ്രത്യക്ഷത്തിൽ പ്രതിഫലിപ്പിക്കുന്നതാണ്. പല രാജ്യങ്ങളുള്ള ഭൂഖണ്ഡത്തെ ഒറ്റ രാജ്യമാക്കി മാറ്റാനാവില്ല എന്ന് സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് ഇന്ത്യയെ പരിഹസിച്ചവർക്കുള്ള മറുപടി കൂടിയാണത്. ഭരണാധികാരികളല്ല ജനങ്ങളാണ് പരമാധികാരികൾ എന്ന സത്യത്തെ അത് വിളിച്ചോതുന്നു. ജനങ്ങളും ഭരണഘടനാസ്ഥാപനങ്ങളും ഭരണാധികാരികളും ഭരണഘടനയ്ക്കു കീഴിൽ അതിനു വിധേയപ്പെട്ടു ഭരണഘടനാ ലക്ഷ്യപ്രാപ്തിക്കു വേണ്ടി പരസ്പര ബഹുമാനത്തോടെ പ്രവർത്തിക്കേണ്ടവരാണെന്ന ഒരു വലിയ സന്ദേശവും മുന്നറിയിപ്പുമാണ് അത് നൽകുന്നത്. ഇന്ത്യൻ ജനതയെ ആരാണ് നയിക്കേണ്ടത് എന്ന ചോദ്യത്തിന് മറ്റാരുമല്ല നയിക്കേണ്ടത് നമ്മെ ഭരണഘടനയാണ് നയിക്കേണ്ടത് എന്നതാണുത്തരം. അതിനുള്ള ദിശാബോധം ഭരണഘടന പകർന്നു നൽകുന്നുണ്ട്. ഒരിന്ത്യൻ പൗരനായി ജീവിക്കുന്നതിനുള്ള അടിസ്ഥാനയോഗ്യത ഭരണഘടനാമൂല്യങ്ങൾ ഹൃദയത്തിൽ പേറുക എന്നുള്ളതു തന്നെയാണ്. അതുകൊണ്ടാണ് കഠിനമായ അന്ധകാരത്തെ മാറ്റി ഉജ്ജ്വലമായ പ്രകാശം ചൊരിയുന്ന കെടാവിളക്കാണ് ഭരണഘടന എന്നു വിശേഷിക്കപ്പെടുന്നത്. അതിന് അലാവുദ്ദീന്റെ അത്ഭുതവിളക്കു പോലെ നമ്മെ നയിക്കുന്നതിനും, നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും അവയ്ക്ക് സംരക്ഷണകവചം ഒരുക്കുന്നതിനും പ്രാപ്തിയുള്ളതാണ്.

(ലേഖകൻ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയാണ്. ലേഖനത്തിലുള്ളത് ലേഖകന്റെ അഭിപ്രായം മാത്രമാണ്)

# ഉപതിരഞ്ഞെടുപ്പിലെ പോളിംഗ് ശതമാനം

| ക്രമ നം. | തദ്ദേശ സ്ഥാപനം | നിയോജക മണ്ഡലം/വാർഡ് | പോളിംഗ് ശതമാനം |
|---|---|---|---|
| 1 | സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 79 ശ്രീവരാഹം | 52.4 |
| 2 | ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുപള്ളി | 72.5 |
| 3 | ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 05 പുളിങ്കോട് | 73.44 |
| 4 | ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് | 01 പുലിപ്പാറ | 75.62 |
| 5 | എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി | 20 കല്ലുവാതുക്കൽ | 75.47 |
| 6 | ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് | 07 അഞ്ചൽ | 55.17 |
| 7 | ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത് | 08 കൊട്ടറ | 57.07 |
| 8 | ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുമാംമൂട് | 70.45 |
| 9 | ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 02 പ്രയാർ തെക്ക് ബി | 81.6 |
| 10 | ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത് | 08 പടിഞ്ഞാറ്റിൻ കര | 67.08 |
| 11 | എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി | 15 കുമ്പഴ നോർത്ത് | 61.2 |
| 12 | ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത് | 16 തടിയൂർ | 66.24 |
| 13 | ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് | 01 ഗ്യാലക്സി നഗർ | 64.57 |
| 14 | ജി 33 കാവാലം ഗ്രാമപഞ്ചായത്ത് | 03 പാലോടം | 79.65 |
| 15 | ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് | 03 മിത്രക്കരി ഈസ്റ്റ് | 75.29 |
| 16 | ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് | 07 ജി വി സ്കൂൾ വാർഡ് | 69.04 |
| 17 | ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 07 ദൈവംമേട് | 62.56 |
| 18 | എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് | 81.97 |
| 19 | ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് | 10 മേതല തെക്ക് | 86.36 |
| 20 | ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 10 പനങ്കര | 87.50 |
| 21 | ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് | 10 നിരപ്പ് | 79.97 |
| 22 | ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 11 മാന്തോപ്പ് | 79.61 |
| 23 | ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 12 കീഴ്പാടം | 79.83 |
| 24 | ജി 27 കരുളായി ഗ്രാമപഞ്ചായത്ത് | 12 ചക്കിട്ടാമല | 79.7 |
| 25 | ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് | 08.എടക്കുളം ഈസ്റ്റ് | 72.48 |
| 26 | ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് | 14 കുഞ്ഞല്ലൂർ | 81.94 |
| 27 | ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് | 03 താഴെ ചമ്പാട് | 86.71 |
| 28 | ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | 05 അയറോട്ട് | 71.85 |

Chief Editor B.S. Prakash For Private Circulation Only Editor: K.M.Aiyyappan
*Edited, Printed & Published by The Secretary,State Election Commission*